**എ.വൈ.ആർ**

പ്രപഞ്ചത്തിന്റെ നിലനിൽപിന് പിന്നിൽ പ്രവർത്തിക്കുന്നത് ഒരേയൊരു വിധാതാവിന്റെ ഇഛയായിരിക്കുക അനിവാര്യമായതുപോലെ ഭൂമിയുടെ സുസ്ഥിതിക്ക് അതിൽ പാലിക്കപ്പെടുന്നത് ഒരേയൊരു വിധാതാവിന്റെ നിയമമായിരിക്കുക എന്നതും അനിവാര്യമാകുന്നു. ദൈവവിരുദ്ധമായ ഏതു വ്യവസ്ഥയും ഭൂമിയുടെ സുസ്ഥിതിയെയും സമാധാനത്തെയും തകർക്കുകയേയുള്ളൂ; അവ എത്ര ആകർഷകമായ രൂപത്തിലും ഇമ്പമുള്ള പേരുകളിലും അവതരിപ്പിക്കപ്പെട്ടാലും ശരി.



فَاتَّقُوا اللَّهَ وَأَطِيعُونِ ﴿١٥٠﴾

150. അല്ലാഹുവിനെ ഭയപ്പെടുവിൻ, എന്നെ അനുസരിക്കുവിൻ

وَلَا تُطِيعُوا أَمْرَ الْمُسْرِفِينَ ﴿١٥١﴾

151. പരിധികൾ അതിലംഘിക്കുന്നവരുടെ കൽപനകൾ അനുസരിക്കാതിരിക്കുവിൻ;

الَّذِينَ يُفْسِدُونَ فِي الْأَرْضِ وَلَا يُصْلِحُونَ ﴿١٥٢﴾

152. ഭൂമിയിൽ നാശമുണ്ടാക്കുന്നവരുടെയും യാതൊരു സംസ്കരണവും നടത്താത്തവരുടെയും കൽപനകൾ.

**150-152**

فَاتَّقُوا اللَّهَ وَأَطِيعُونِ = നിങ്ങൾ അല്ലാഹുവിനെ ഭയപ്പെടുവിൻ, എന്നെ അനുസരിക്കുവിൻ

وَلَا تُطِيعُوا = നിങ്ങൾ അനുസരിക്കാതിരിക്കുവിൻ

أَمْرَ الْمُسْرِفِينَ = ധൂർത്തരുടെ, അതിക്രമികളുടെ (പരിധികൾ അതിലംഘിക്കുന്നവരുടെ)കൽപന

الَّذِينَ يُفْسِدُونَ فِي الْأَرْضِ = ഭൂമിയിൽ നാശമുണ്ടാക്കുന്നവരായവരുടെയും

وَلَا يُصْلِحُونَ = (യാതൊരു) സംസ്കരണം(വും) നടത്താത്തവരുടെയും (കൽപനകൾ)

സ്വാലിഹ് (അ) 144-ാം സൂക്തത്തിൽ നൽകിയ ഉദ്ബോധനം വീണ്ടും ആവർത്തിച്ചിരിക്കുകയാണ്. ദൈവത്തെയും ധർമത്തെയും വീണ്ടും വീണ്ടും ഓർമിപ്പിക്കാൻ മാത്രം അവർ ദൈവനിഷേധത്തിലും ധർമലംഘനത്തിലും ആണ്ടുപോയിരുന്നു. അവരോട് തുറന്നു പറയുകയാണ്: നോക്കൂ, നിങ്ങളുടെ അവധി അടുത്തുവരികയാണ്. ഇനിയെങ്കിലും അല്ലാഹുവിനെ ഭയപ്പെടുകയും എന്റെ സന്ദേശം അനുസരിക്കുകയും ചെയ്യുവിൻ. ദൈവം നിശ്ചയിച്ച ധാർമിക പരിധികൾ അതിലംഘിച്ച് ബഹുദൂരം പോയ്ക്കഴിഞ്ഞ നേതാക്കളോടുള്ള കൂറും വിധേയത്വവും വർജിക്കുവിൻ. അവർ നാട്ടിൽ നാശം പരത്തുന്നവരാണ്. തങ്ങൾ രാജ്യത്തിന്റെ ഉത്തമ താൽപര്യങ്ങൾ സംരക്ഷിക്കുകയും ക്ഷേമം വളർത്തുകയും ചെയ്യുകയാണെന്ന് അവർ വാദിക്കും. യഥാർഥത്തിൽ അതു തന്നെയാണ് അവരുടെ ഉത്തരവാദിത്തം. പക്ഷേ, നാടിനും നാട്ടാർക്കും ഒരു നന്മയും അവർ ചെയ്യുന്നില്ല. നന്മയുടെ പേരിൽ നാശങ്ങളാണ് ചെയ്യുന്നതൊക്കെയും. പ്രപഞ്ചത്തിന്റെ നിലനിൽപിന് പിന്നിൽ പ്രവർത്തിക്കുന്നത് ഒരേയൊരു വിധാതാവിന്റെ ഇഛയായിരിക്കുക അനിവാര്യമായതുപോലെ ഭൂമിയുടെ സുസ്ഥിതിക്ക് അതിൽ പാലിക്കപ്പെടുന്നത് ഒരേയൊരു വിധാതാവിന്റെ നിയമമായിരിക്കുക എന്നതും അനിവാര്യമാകുന്നു. ദൈവവിരുദ്ധമായ ഏതു വ്യവസ്ഥയും ഭൂമിയുടെ സുസ്ഥിതിയെയും സമാധാനത്തെയും തകർക്കുകയേയുള്ളൂ; അവ എത്ര ആകർഷകമായ രൂപത്തിലും ഇമ്പമുള്ള പേരുകളിലും അവതരിപ്പിക്കപ്പെട്ടാലും ശരി. ■

153. ആ ജനം ഘോഷിച്ചു: നീ കൊടിയ മാരണ മേറ്റവൻ തന്നെ.

قَالُوا إِنَّمَا أَنتَ مِنَ الْمُسَحَّرِينَ ﴿١٥٣﴾

154. ഞങ്ങളെപ്പോലൊരു മനുഷ്യനല്ലാതൊന്നുമല്ല നീ. ഇനി നീ പറയുന്നത് സത്യമാണെങ്കിൽ ഒരു ദൃഷ്ടാന്തം കൊണ്ടുവരിക.

مَا أَنتَ إِلَّا بَشَرٌ مِّثْلُنَا فَأْتِ بِآيَةٍ إِن كُنتَ مِنَ الصَّادِقِينَ ﴿١٥٤﴾

**153,154**

قَالُوا = അവർ (ആ ജനം ഘോഷിച്ചു) പറഞ്ഞു

إِنَّمَا أَنتَ مِنَ الْمُسَحَّرِينَ = നീ കൊടിയ മാരണമേറ്റവൻ തന്നെയാകുന്നു മാ أَنتَ = നീ(ഒന്നും) അല്ല

إِلَّا بَشَرٌ = ഒരു മനുഷ്യൻ അല്ലാതെ مِّثْلُنَا = ഞങ്ങൾ(ളെപ്പോലെ)ക്കു തുല്യം

فَأْتِ = നീ കൊണ്ടുവരിക بِآيَةٍ = ഒരു ദൃഷ്ടാന്തം

إِن كُنتَ مِنَ الصَّادِقِينَ = നീ സത്യവാന്മാരിൽ പെട്ടവനാണെങ്കിൽ (ഇനി നീ പറയുന്നത് സത്യമാണെങ്കിൽ)

അന്ധവിശ്വാസത്തിലും സത്യനിഷേധത്തിലും മൂടുറച്ച സമുദായങ്ങൾ സാധാരണയായി പ്രവാചകന്മാർക്കെതിരെ ഉന്നയിക്കാറുള്ള ആക്ഷേപം തന്നെയായിരുന്നു സ്വാലിഹ് നബിയോടുള്ള സമൂദ് ഗോത്രത്തിന്റെയും പ്രതികരണം. ഏതോ കടുത്ത ആഭിചാരം ബാധിച്ച് നിന്റെ ബുദ്ധി തകിടം മറിഞ്ഞിരിക്കുന്നു. إِنَّمَا أَنتَ مِنَ الْمُسَحَّرِينَ എന്നാണ് മൂലവാക്യം. مسحور (ആഭിചാര ബാധിതൻ)ന്റെ അത്യുക്തി പ്രയോഗമാണ് مُسحر. ഞങ്ങൾക്കിടയിൽ നല്ല ബുദ്ധിമാനും വിവേകിയുമായി ജീവിച്ചിരുന്ന നിന്റെ ബുദ്ധി ആഭിചാരത്താൽ തകിടം മറിഞ്ഞതുകൊണ്ടുതന്നെയാണ് നമ്മുടെ പാവനമായ ആചാര വിശ്വാസങ്ങളെയും പുഷ്കലമായ നാഗരികതയെയും നീ തള്ളിപ്പറയുന്നത്. നമ്മുടെ ക്ഷേമൈശ്വര്യങ്ങളെയും വികസനത്തെയും നീ ഭയപ്പെടുന്നത് ബുദ്ധിഭ്രമം മൂലമാണ്. ആ ഭയം സമൂഹത്തിലൊട്ടാകെ പരത്താനാണ് നീ ശ്രമിക്കുന്നത്. ദൈവത്തിന്റെ ദൂതനും പ്രവാചകനുമൊക്കെയാണെന്നത് നിന്റെ ദിവാ സ്വപ്നം മാത്രമാണ്. ഞങ്ങളെപ്പോലെ വെറും മനുഷ്യൻ മാത്രമാകുന്നു നീ. ദൈവം ദൂതന്മാരെ നിയോഗിക്കുകയാണെങ്കിൽ മലക്കുകളെയോ മറ്റേതെങ്കിലും പ്രകൃത്യതീത ശക്തികളെയോ ആണ് നിയോഗിക്കുക. ഇനി നീ പറയുന്നത് സത്യം തന്നെയാണെന്നാണെങ്കിൽ അക്കാര്യം ഞങ്ങളെ ബോധ്യപ്പെടുത്തുന്ന ഒരു ദൈവിക ദൃഷ്ടാന്തം കാണിച്ചുതരണം. എങ്കിൽ ഞങ്ങൾ നിന്നിൽ വിശ്വസിച്ചുകൊള്ളാം. ദൃഷ്ടാന്തം പ്രത്യക്ഷമായിട്ടും വിശ്വസിച്ചില്ലെങ്കിൽ ഞങ്ങളുടെ മേൽ ദൈവശിക്ഷയിറങ്ങിക്കൊള്ളട്ടെ. ദൃഷ്ടാന്തം കാണുകയാണെങ്കിൽ സ്വാലിഹ് നബിയിൽ വിശ്വസിക്കുമെന്ന് തീരുമാനിച്ചുകൊണ്ടല്ല അവരിങ്ങനെ ആവശ്യപ്പെട്ടത്. വിശ്വസിക്കാതിരുന്നാൽ ശിക്ഷിക്കപ്പെടുമെന്ന വിചാരവും അവർക്കുണ്ടായിരുന്നില്ല. അങ്ങനെയൊരു ദൃഷ്ടാന്തമൊന്നും ഒരിക്കലും പ്രത്യക്ഷപ്പെടാൻ പോകുന്നില്ല എന്നായിരുന്നു അവരുടെ വിചാരം. ദൃഷ്ടാന്തം അസാധ്യമാണെങ്കിൽ അതിനെ തള്ളിപ്പറയുന്നതു മൂലം ശിക്ഷിക്കപ്പെടുന്ന പ്രശ്നവുമില്ലല്ലോ. ■

155. സ്വാലിഹ് പറഞ്ഞു: ഇതാ ഒരൊട്ടകം. ഒരു ദിവസം അതിന് വെള്ളം കുടിക്കാനുള്ളതാകുന്നു. നിശ്ചിത ദിവസം നിങ്ങൾക്കും കുടിക്കാം.

قَالَ هَٰذِهِ نَاقَةٌ لَّهَا شِرْبٌ وَلَكُمْ شِرْبُ يَوْمٍ مَّعْلُومٍ ﴿١٥٥﴾

156. അതിനെ ദ്രോഹിച്ചുപോകരുത്. ഈ നിർദേശം ലംഘിച്ചാൽ ഭയാനകമായ ഒരു ശിക്ഷാ ദിനം നിങ്ങളെ ബാധിക്കുന്നതാകുന്നു.

وَلَا تَمَسُّوهَا بِسُوءٍ فَيَأْخُذَكُمْ عَذَابُ يَوْمٍ عَظِيمٍ ﴿١٥٦﴾

157. പക്ഷേ, അവരാ ഒട്ടകത്തെ കശാപ്പു ചെയ്തു. ഒടുവിൽ നെടുംഖേദത്തിലകപ്പെടുകയും ചെയ്തു.

فَعَقَرُوهَا فَأَصْبَحُوا نَادِمِينَ ﴿١٥٧﴾

158. അങ്ങനെ അവരെ ദൈവശിക്ഷ പിടികൂടി. തീർച്ചയായും ഇതിൽ വലിയൊരു ദൃഷ്ടാന്തമുണ്ട്. പക്ഷേ, അധിക ജനവും സത്യം വിശ്വസിക്കുന്നവരായില്ല.

فَأَخَذَهُمُ الْعَذَابُ ۗ إِنَّ فِي ذَٰلِكَ لَآيَةً ۖ وَمَا كَانَ أَكْثَرُهُم مُّؤْمِنِينَ ﴿١٥٨﴾

159. നിശ്ചയം നിന്റെ നാഥൻ അജയ്യനും കരുണാമയനും തന്നെയാകുന്നു.

وَإِنَّ رَبَّكَ لَهُوَ الْعَزِيزُ الرَّحِيمُ ﴿١٥٩﴾

155–159

قَالَ = (സ്വാലിഹ്) പറഞ്ഞു هَٰذِهِ نَاقَةٌ = ഇതാ, ഒരൊട്ടകം لَهَا = അതിനുള്ളതാകുന്നു

شِرْبٌ = ഒരു കുടി (ഒരു ദിവസം വെള്ളം കുടിക്കാൻ)

وَلَكُمْ شِرْبُ = നിങ്ങൾക്ക് കുടിയുണ്ട് (കുടിക്കാം) يَوْمٍ مَعْلُومٍ = അറിയപ്പെട്ട (നിശ്ചിത) ദിവസം

وَلَا تَمَسُّوهَا بِسُوءٍ = നിങ്ങൾ അതിനെ തിന്മ കൊണ്ട് തൊടരുത് (തൊട്ട് കളിക്കരുത്, ദ്രോഹിച്ചുപോകരുത്)

فَيَأْخُذَكُمْ = അപ്പോൾ (ഈ നിർദേശം ലംഘിച്ചാൽ) നിങ്ങളെ എടുക്കും (ബാധിക്കുന്നതാകുന്നു)

عَذَابُ يَوْمٍ عَظِيمٍ = ഭയാനകമായ ഒരു ദിവസത്തിന്റെ ശിക്ഷ (ശിക്ഷാ ദിനം)

فَعَقَرُوهَا = (പക്ഷേ) അവരതിനെ കശാപ്പു ചെയ്തു

فَأَصْبَحُوا = അങ്ങനെ അവർ ആയിത്തീർന്നു (ഒടുവിൽ അവർ അകപ്പെടുകയും ചെയ്തു)

نَادِمِينَ = മഹാ ദുഃഖിതർ (നെടുംഖേദത്തിൽ)

فَأَخَذَهُمُ الْعَذَابُ = അങ്ങനെ അവരെ ശിക്ഷ എടുത്തു (പിടികൂടി)

إِنَّ فِي ذَٰلِكَ لَآيَةً = തീർച്ചയായും ഇതിൽ (വലിയ) ഒരു ദൃഷ്ടാന്തമുണ്ട്

وَمَا كَانَ أَكْثَرُهُمْ = അവരിലധികവും (അധിക ജനവും)ആയില്ല مُؤْمِنِينَ = (സത്യം) വിശ്വസിക്കുന്നവർ

وَإِنَّ رَبَّكَ = നിശ്ചയം, നിന്റെ നാഥൻ لَهُوَ الْعَزِيزُ الرَّحِيمُ = അവൻ അജയ്യനും കരുണാമയനും തന്നെയാകുന്നു

ഒടുവിൽ അല്ലാഹു അവർക്ക് ദൃഷ്ടാന്തമായി ഒരൊട്ടകത്തെ നിയോഗിച്ചു. ഈ ഒട്ടകം ആ നാട്ടിൽ തന്നെ ഉണ്ടായിരുന്നതാണോ അതല്ല അല്ലാഹു പ്രത്യേകമായി ഇറക്കിയതാണോ എന്ന് വ്യക്തമല്ല. അല്ലാഹുവിന്റെ ഒട്ടകം- نَاقَةُ اللَّهِ- എന്നാണ് സ്വാലിഹ്(അ) അതിനെ പരിചയപ്പെടുത്തുന്നത്. 7:73, 11:64, 91:13 സൂക്തങ്ങൾക്കു താഴെ ഖുർആൻ ബോധനം ഈ ഒട്ടക ചരിതം വിശദീകരിച്ചിട്ടുണ്ട്. സമൂദ് ജനതയുടെ നാശനിമിത്തമായിരുന്നു ഈ ഒട്ടകം. എങ്കിലും അതിന്റെ രംഗപ്രവേശത്തിനു ശേഷവും അവർക്ക് രക്ഷപ്പെടാൻ വേണ്ടത്ര സമയമനുവദിച്ചിരുന്നു. സ്വാലിഹ് നബി അവരോട് പറഞ്ഞു: ''അല്ലാഹുവിന്റെ ഒട്ടകത്തെ സൂക്ഷിക്കണം. അതിനെ ഒരു തരത്തിലും ദ്രോഹിച്ചുകൂടാ. യഥേഷ്ടം മേഞ്ഞുനടക്കാൻ അനുവദിക്കണം. അതിനു മാത്രം വെള്ളം കുടിക്കാൻ ദിവസം നിശ്ചയിക്കുക. നിശ്ചിത ദിവസം നിങ്ങളുടെ കാലികൾക്കും വെള്ളം കുടിക്കാം. അതിനെ ഏതെങ്കിലും വിധത്തിൽ ദ്രോഹിക്കുന്നത് മഹാ വിപത്തിനിടയാക്കും.'' ആദ്യം കുറേനാൾ സ്വാലിഹ് നബിയുടെ താക്കീതോർത്ത് അവരാ ഒട്ടകത്തെ തൊടാൻ ധൈര്യപ്പെട്ടില്ല. പക്ഷേ, നാൾ ചെല്ലുംതോറും അവർക്കതൊരു ശല്യവും ഭാരവുമായിത്തീർന്നു. അതിനെ ചൊല്ലിയുള്ള ഭയാശങ്കകൾ അതിനെ എങ്ങനെ ഇല്ലാതാക്കാം എന്ന ചിന്തക്ക് വഴിമാറി. കൂടിയാലോചനകളും ചർച്ചകളും നടന്നു. ഒട്ടകവധം ഏറ്റെടുക്കാൻ പൊതുവിൽ എല്ലാവരും മടിച്ചു. ഒടുവിൽ നാട്ടിലെ ഒരു പരമദുഷ്ടൻ ആ കൃത്യം ഏറ്റെടുത്തു. അയാളതിനെ കൊന്നു വീഴ്ത്തുകയും ചെയ്തു. ഒട്ടകത്തെ കുറേക്കാലം കൂടി മേഞ്ഞു നടക്കാൻ വിട്ടിരുന്നെങ്കിൽ അത്രയും കാലം അവർക്ക് ജീവിതം നീട്ടിക്കിട്ടുമായിരുന്നു. പ്രവാചകന്റെ താക്കീതിൽ ആദ്യം അവർക്കു തോന്നിയ ആശങ്ക നാളുകൾ നീങ്ങുംതോറും സത്യവിശ്വാസമായി പരിണമിക്കുന്നതിനുപകരം വെറുപ്പും ധാർഷ്ട്യവുമായി പരിണമിച്ച് ഒട്ടകത്തിന്റെ വധത്തിലേക്ക് നയിക്കപ്പെടുകയായിരുന്നു. ആവശ്യപ്പെട്ട ദൃഷ്ടാന്തം പ്രത്യക്ഷപ്പെട്ട ശേഷവും അസത്യത്തിൽനിന്നും ദൈവധിക്കാരത്തിൽനിന്നും പിന്മാറാൻ കൂട്ടാക്കാത്തവരോടുള്ള അല്ലാഹുവിന്റെ സ്ഥിരം നടപടി- സുന്നത്ത്- ആ സമുദായത്തെ നാശത്തിന്റെ പിടിയിലകപ്പെടുത്തുക എന്നതാണ്. സമൂദ് ജനതക്ക് അതുതന്നെ സംഭവിച്ചു. ഈ ശിക്ഷ ഒരു ഘോര ഗർജനത്തിന്റെയും കമ്പനത്തിന്റെയും രൂപത്തിലായിരുന്നുവെന്നും തുടർന്ന് അവർ സ്വവസതികളിൽ ചേതനയറ്റ് നിലംപതിച്ചുവെന്നും അവർ ചവിട്ടിമെതിക്കപ്പെട്ട വൈക്കോൽ പോലെയായെന്നും 7:78, 15:83-84, 54:31 സൂക്തങ്ങളിൽ പറയുന്നുണ്ട്.

ഇവിടെ فَعَقَرُوهَا فَأَصْبَحُوا نَادِمِينَ (അവരതിനെ കശാപ്പു ചെയ്തു. പിന്നെ ഖേദിക്കുന്നവരായി) എന്നു പറഞ്ഞത് ഒട്ടകത്തെ കശാപ്പു ചെയ്തു കഴിഞ്ഞപ്പോൾ അവർക്കാ നടപടിയിൽ ഖേദമുണ്ടായി എന്ന അർഥത്തിലല്ല. ഒട്ടകത്തെ കശാപ്പു ചെയ്ത ശേഷവും അവർക്ക് സ്വയം വീണ്ടെടുക്കാൻ മൂന്നു ദിവസത്തെ അവധിയുണ്ടായിരുന്നു. സ്വാലിഹ് (അ) അവരോട് പറഞ്ഞു: تَمَتَّعُوا فِي دَارِكُمْ ثَلَاثَةَ أَيَّامٍ (മൂന്നു നാൾ സ്വവസതികളിൽ സുഖിച്ചുകൊള്ളുവിൻ). ഒട്ടകത്തെ അറുത്തതിൽ ദുഃഖമുണ്ടായെങ്കിൽ ഈ ദിവസങ്ങളിൽ അവർ പശ്ചാത്തപിക്കേണ്ടതുണ്ടായിരുന്നു. അതുണ്ടായില്ല. എല്ലാം കൈവിട്ടുപോവുകയും ദൈവശിക്ഷ യാഥാർഥ്യമായിത്തീരുകയും ചെയ്ത ശേഷമാണ് അവർ സ്വന്തം ചെയ്തിയിൽ ദുഃഖിതരായത്. സമൂദ് ജനതയുടെ കഥയും സമാപിക്കുന്നത് നൂഹ്, ഹൂദ് (അ) തുടങ്ങിയവരുടെ കഥ സമാപിക്കുന്ന വാക്കുകളിൽ തന്നെയാണ്. ഇവിടെയും അതിന്റെ താൽപര്യം നേരത്തേ വിശദീകരിച്ചതുതന്നെ. ■